THE GOOD SHEPHERD BULLETIN

A LAITY INITIATIVE FOR PEACE, UNITY AND ENLIGHTENMENT

പുസ്തകം: 03 | 2025 ജൂൺ - ജൂലൈ (1200 മിഥുനം- കർക്കടകം) | ലക്കം: 3

എഡിറ്റോറിയൽ

ലഹരി, അക്രമം: കുടുംബ ശാക്തീകരണം അനിവാര്യം

വർദ്ധിച്ചു വരുന്ന ലഹരി വസ്തുക്കളുടെ ഉപയോഗം, അക്രമവാസന എന്നിവ നമ്മുടെ പൊതു സമൂഹത്തെ കൂടുതൽ ആശങ്കയിലാഴ്ത്തിയിരിക്കുന്നു. നമ്മുടെ കുട്ടികൾ പല തരത്തിലുള്ള അപകടങ്ങളിലേക്ക് പോവുകയാണെന്നും അവർ രാസലഹരിയുടെയും മറ്റും പിടിയിൽ അമർന്നിരിക്കുകയാണെന്നുമുള്ള ഒരു പൊതുബോധം രൂപപ്പെടുന്നതിന് അടുത്ത കാലത്തു നടന്ന സംഭവങ്ങൾ കാരണമായി.

സമൂഹത്തിന്റെ ആശങ്കകൾ ദൂരീകരിച്ച് ഉത്തരവാദിത്തബോധമുള്ള ഒരു സമൂഹത്തെ നമുക്കു രൂപപ്പെടുത്തുന്നതിനായി, പുതിയ കാലത്തിന്റെ മാറ്റങ്ങൾ തിരിച്ചറിഞ്ഞു കൊണ്ട് നമ്മുടെ കുട്ടികളെ അഭിമുഖീകരിക്കാൻ നമ്മൾ സജ്ജരാകേണ്ടത് അനിവാര്യമാണ്.

മറ്റുള്ളവരോട് ഒത്തുപോകാനും പങ്കിടാനും കഴിയാതെ പോകുന്ന കൗമാരത്തെയാണ്, കൊറോണക്കാലത്ത് വീട്ടിൽ ഒതുങ്ങിപ്പോയ കുട്ടികളുടെ വിദ്യാലയങ്ങളിലെയും പൊതു ഇടങ്ങളിലെയും എന്തിന് വീടുകളിലെപ്പോലും പെരുമാറ്റങ്ങളിൽ നിന്നു നാം ഇന്ന് തിരിച്ചറിയുന്നത്. ഇവിടെയാണ് സാമൂഹിക ഇടപെടൽ പ്രസക്തമായി തീരുന്നത്. ലഹരിയുടെ ദുരുപയോഗത്തിലേക്കും ലൈംഗിക ചൂഷണത്തിലേക്കും സാമൂഹിക വിരുദ്ധതയിലേക്കും ജീവിതത്തെ നിസ്സാരവത്കരിക്കുന്നതിലേക്കുമൊക്കെ കുട്ടികൾ എത്തുന്നതിൽ കാര്യക്ഷമമായ രക്ഷാകർതൃത്വത്തിന്റെ അഭാവം ഒരു പ്രധാന കാരണമാണ്. ലഹരി വിപത്തിനെതിരെ പോരാടുവാൻ മലങ്കര ഓർത്തഡോക്സ് സഭയും ഏതാനും ദിവസം മുമ്പ് DRUXIT എന്ന പേരിൽ ഒരു ക്യാംപയിൻ നടത്തിയിരുന്നു. കേവലം ഒരു ചർച്ചകൊണ്ടോ പ്രചാരണം കൊണ്ടോ തീരേണ്ടതാണോ നമ്മുടെ ഉത്തരവാദിത്തവും പ്രവർത്തനവും?

സഭയിൽ ഒരു മദ്യവർജ്ജന സമിതിയും ചുമതലപ്പെട്ടവരും കടലാസിൽ ഒതുങ്ങുന്നത് ഖേദകരമാണ്. ആ സമിതിയെ ശക്തിപ്പെടുത്തി ഇടവകതലത്തിൽ ചർച്ചകളും ക്ലാസ്സുകളും ബോധവത്കരണവും നടത്തി മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദോഷവശങ്ങൾ നമ്മുടെ കൗമാരക്കാരെയും യുവാക്കളെയും ബോധ്യപ്പെടുത്തണം. അതല്ലാതെ സഭാ ആസ്ഥാനത്ത് മാധ്യമ ശ്രദ്ധ ലഭിക്കാൻ ഒരു പരിപാടി നടത്തിയിട്ടു കാര്യമില്ല.

ഇന്നത്തെ ലോകത്ത് കുടുംബബന്ധങ്ങൾ, പ്രത്യേകിച്ച് ഭാര്യാഭർതൃ-മാതാപിതാ-മക്കൾ ബന്ധങ്ങൾ, പല തരം വെല്ലുവിളികൾ നേരിടുന്നുണ്ട്. പ്രീമാരിറ്റൽ കൗൺസലിങ്, കാര്യക്ഷമമായ രക്ഷാകർതൃത്വം എന്നീ മേഖലകളിൽ സഭ കൂടുതൽ ശ്രദ്ധ അർപ്പിക്കണം. മാറുന്ന ലോകത്ത് മാറ്റങ്ങൾ ഉൾക്കൊണ്ടു കൊണ്ടു തന്നെ ശാസ്ത്രീയമായി കാര്യങ്ങൾ പരിശീലിപ്പിക്കണം. മാനസിക പ്രശ്നങ്ങൾക്ക് ആശ്വാസമാകുന്ന കൗൺസലിങ് കേന്ദ്രങ്ങൾ, ലഹരി വിമോചന - പുനരധിവാസ കേന്ദ്രങ്ങൾ എന്നിവ എല്ലാ ഭദ്രാസനങ്ങളിലും ആരംഭിക്കണം. വൈദികർക്കും ആദ്ധ്യാത്മിക സംഘടന പ്രവർത്തകർക്കും പരിശീലനം നൽകണം. താത്പര്യമുള്ള വൈദികർക്ക് ഉന്നത പരിശീലനം നൽകി മുഴുവൻ സമയ പ്രവർത്തകരാക്കണം. ഓരോ ഭദ്രാസനത്തിലും മേളകളും പൈതൃക സംഗമവും നടത്തിയാൽ സഭാവിശ്വാസികളെ ശാക്തീകരിക്കാനാവില്ല. സഭയുടെയും സമൂഹത്തിന്റെയുമൊക്കെ അടിസ്ഥാനമായ കുടുംബങ്ങളെ ശാക്തീകരിക്കാനുള്ള നടപടികളാണ് സഭ സ്വീകരിക്കേണ്ടത്. എങ്കിൽ മാത്രമേ നമുക്കു സുസ്ഥിര സമൂഹത്തെ സൃഷ്ടിക്കാനാകൂ. കാലത്തിന്റെ ചുവരെഴുത്ത് വൈകി വായിക്കുന്നവരാകാതിരിക്കുവാൻ നേതൃത്വങ്ങൾക്ക് കഴിയട്ടെ.

മാർ അപ്രേം മെത്രാപ്പൊലീത്തയ്ക്ക് പ്രണാമം

പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ ഇന്ത്യയിലെ മെത്രാപ്പൊലീത്തയായിരുന്ന ഡോ. മാർ അപ്രേമിന് പ്രണാമം. ജൂലൈ ഏഴിനായിരുന്നു 85 വയസ്സായ മാർ അപ്രേമിന്റെ അന്ത്യം. 1968ൽ 28-ാം വയസ്സിലാണ് എപ്പിസ്കോപ്പാ ആയത്. തിയോളജിയിലും സുറിയാനിയിലും ഡോക്ടറേറ്റ് കരസ്ഥമാക്കിയ മാർ അപ്രേം അതേവർഷം തന്നെ മെത്രാപ്പൊലീത്തായുമായി. അനവധി ഗാനങ്ങൾ രചിച്ച മാർ അപ്രേമിന്റെ 'കാൽവരി ക്രൂശിൽ നോക്കി ഞാൻ' എന്ന ഗാനം 101 ഭാഷകളിൽ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. ശ്രീനാരായണഗുരുവിന്റെ ദൈവദശകം, യേശുവിന്റെ സംസാര ഭാഷയായ അരാമായ ഭാഷയിലേക്ക് മാർ അപ്രേം തർജമ ചെയ്തിട്ടുണ്ട്. 2015ൽ മോറോൻ മാർ ദിൻഹാ നാലാമൻ പാത്രിയർക്കീസ് കാലംചെയ്തതിനെ തുടർന്ന് ആറു മാസത്തോളം ആഗോള കൽദായ സഭയുടെ പാത്രിയർക്കീസിന്റെ ചുമതലയും വഹിച്ചു. സഭകൾ തമ്മിലുള്ള ഐക്യത്തിനു വേണ്ടി മാർ അപ്രേം എക്കാലവും പ്രവർത്തിച്ചു.

മഹാഇടയൻ: പേജ് 7

അശരീരി — ജോസ് കുളനട

പരിസ്ഥിതി സംരക്ഷണത്തിൽ ഓർത്തഡോക്സ് സഭ പിന്നിൽ തന്നെ...!

ജോസ് കെ. തോമസ്

പരിസ്ഥിതി സംരക്ഷണത്തിൽ ഇതര സഭകൾ ഏറെ മുന്നേറിയിട്ടും ഓർത്തഡോക്സ് സഭ വേണ്ടത്ര മുന്നോട്ടു പോയിട്ടില്ല. പരിസ്ഥിതി സംരക്ഷണ രംഗത്ത്, സഭയുടെ പരിസ്ഥിതി കമ്മിഷൻ പ്രസിഡന്റ് ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പൊലീത്ത നടത്തുന്ന ആത്മാർത്ഥശ്രമങ്ങളെക്കുറിച്ച് അറിയാതെയല്ല ഇങ്ങനെ പറയുന്നത്. എന്നാൽ, സഭയുടെ തീരുമാനങ്ങൾ ഇടവകകളിൽ നടപ്പാക്കുന്നതിൽ വലിയ വീഴ്ച സംഭവിക്കുന്നു എന്നത് സത്യമല്ലേ...!

ഇക്കഴിഞ്ഞ വലിയ നോമ്പ് കാലത്ത് നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച 'ഹരിത നോമ്പ് ' മിക്ക ഇടവകകളുടെയും നിസ്സഹകരണം മൂലം വേണ്ടത്ര ശ്രദ്ധിക്കപ്പെട്ടില്ലെന്നതും സത്യമല്ലേ...! പരുമല തീർത്ഥാടനം തുടങ്ങുമ്പോൾ മലയാളത്തിലെ മിക്ക പത്രങ്ങളും മാർക്കറ്റിങ്ങിന്റെ ഭാഗമായി പരുമല സപ്ലിമെന്റുകൾ പ്രസിദ്ധീകരിക്കുന്നത് പതിവാണ്. ഈ പ്രസിദ്ധീകരണങ്ങളിലെല്ലാം നിറഞ്ഞുനിൽക്കുന്നത് പരുമല തിരുമേനിയുടെ ചിത്രമായിരിക്കും.ഈ സപ്ലിമെന്റുകളുടെ സൗജന്യ വിതരണവും മിക്കവാറും അവിടെ സാധാരണമാണ്.

പെരുന്നാൾ ദിവസം തന്നെ പരുമല പാലത്തിലൂടെ ഒന്ന് നടന്നാൽ ഭാരതത്തിലെ പ്രഥമ പരിശുദ്ധന്റെ ചിത്രം ചവിട്ടിത്തേക്കുന്നതു സ്ഥിരം കാഴ്ചയാണ്. ഇതു കൂടാതെ സ്ഥാപനങ്ങളുടെ ആയിരക്കണക്കിനു നോട്ടീസുകളും പരുമല തിരുമേനിയുടെ ചിത്രം സഹിതം റോഡ് വക്കിലും നിരത്തിലും മനുഷ്യർ ചവിട്ടി നടക്കുന്നതും കാണാൻ കഴിയും. പരുമല തീർത്ഥാടനം ആഘോഷമാക്കി നടത്തി പദയാത്രയായെത്തിയ പള്ളികളുടെ ഓഡിറ്റോറിയങ്ങളുടെയും മൂത്രപ്പുരകളുടെയും പുറകിൽ ചെന്നാൽ സകലമാന വിശുദ്ധരുടെയും ഫ്ളെക്സ്, തെരുവുനായ്ക്കളുടെ വിഹാരകേന്ദ്രമായി കൂട്ടിയിട്ടിരിക്കുന്ന കാഴ്ച സർവ സാധാരണമാണ്.

ഇപ്പോൾ കാണുന്ന പുതിയ ഒരു പ്രവണത കൂടിയുണ്ട്. പള്ളികളുടെ പെരുന്നാളുകളിൽ പ്രസിദ്ധപ്പെടുത്തുന്ന പത്രക്കടലാസ് വലുപ്പമുള്ള മൾട്ടി കളർ നോട്ടീസുകൾ സഭാ വ്യത്യാസമന്യേ അഞ്ചാറു കിലോമീറ്റർ ചുറ്റളവിലുള്ള എല്ലാ പള്ളികളുടെയും കോംപൗണ്ടിൽ കെട്ടുകണക്കിന് ഇറക്കിയിടുന്നതും അനാഥമായി കിടക്കുന്നതുമാണത്...!

വിശുദ്ധരുടേതെന്നു വിശ്വസിക്കപ്പെടുന്ന ചിത്രങ്ങൾ അടിച്ച പോസ്റ്ററുകൾ മുനിസിപ്പാലിറ്റികളുടെ വേസ്റ്റ് ബിന്നിന്റെ പുറത്തു വരെ ഒട്ടിച്ച് മാലിന്യക്കൂമ്പാരത്തിനു വിശുദ്ധിയുടെ പരിവേഷം നൽകണോയെന്ന് സഭ ചിന്തിക്കേണ്ടിയിരിക്കുന്നു. ഒപ്പം തന്നെ ചില പള്ളികളിൽ കുർബാനാനുഭവത്തിനു ശേഷം വെള്ളം കൊടുക്കാൻ ഉപയോഗിക്കുന്ന പേപ്പർ കപ്പെന്നു വിളിപ്പേരുള്ള പ്ലാസ്റ്റിക് കോട്ടഡ് കപ്പുകളുടെ ഉപയോഗവും സർവസാധാരണമായിക്കൊണ്ടിരിക്കുന്നു. ഇവയും വേണോയെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. ഒരു സാധാരണ ഇടവകയിൽ ഒരു ദിവസം 50 പേരെങ്കിലും കുർബാന അനുഭവിക്കുന്നുണ്ടാവും. അങ്ങനെ നോക്കുമ്പോൾ മാസം ഏതാണ്ട് 200 കപ്പിൽ കൂടുതൽ വലിച്ചെറിയുകയോ കത്തിക്കു

കയോ ചെയ്യുന്നുണ്ട്. ഇതു കൂടാതെ സൺഡേ സ്കൂൾ കുട്ടികൾക്കും പള്ളിയിൽ വരുന്നവർക്കും കൊടുക്കുന്നതായ റിഫ്രഷ്മെന്റിനു ശേഷം വലിച്ചെറിയുന്ന പാത്രങ്ങളും കപ്പുകളും വേറെ. ഇടവകയിലെ ആരെങ്കിലും എവിടെങ്കിലും ഏതെങ്കിലും സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ ഫ്ളെക്സ് ബോർഡില്ലാതെ ആ വിവരം അറിയിക്കുന്നതിനെക്കുറിച്ച് ചിന്തിക്കാൻ പോലും വയ്യ...!

ഹരിത കുർബാനയുടെ ഭാഗമായി എല്ലാ മാസവും ഒന്നാം ഞായറാഴ്ച നമ്മുടെ പള്ളികളിൽ വൈദ്യുതരഹിത ആരാധന നടപ്പിലാക്കുകയാണ് ആദ്യം വേണ്ടത്. മൈക്രോ ലൈറ്റോ ഫാനോ ഒന്നുമില്ലാതെ ഒരു സീറോ വൈദ്യുതി ഞായറാഴ്ച കാർബൺ എമിഷനു തടയിടാനുള്ള ഈ എളിയ പരിശ്രമം വരും തലമുറയ്ക്ക് പ്രചോദനമാകാതിരിക്കുമോ. ഇതിന്റെ നന്മ ഉൾക്കൊണ്ട് ഇതര മതസ്ഥരും ഇതു മാതൃകയാക്കാതിരിക്കുമോ. തുടക്കത്തിൽ പല എതിർപ്പുകളും ഉണ്ടാവുമെന്നതിനു തർക്കമില്ല. എന്നാൽ, അങ്ങനെയൊരു ആരാധനയുടെ ദിവ്യാനുഭൂതി അനുഭവപ്പെടുമ്പോൾ എല്ലാ എതിർപ്പുകളുമില്ലാതാവുമെന്നുറപ്പല്ലേ.

നമ്മുടെ സഭാനേതൃത്വത്തിന്റെ ചിന്തയിൽ വരേണ്ടതും സഭയിൽ താമസംവിനാ നടപ്പാക്കേണ്ടതുമായ വളരെ പ്രാധാന്യമർഹിക്കുന്ന 'ഹരിത കുർബാന'യെക്കുറിച്ചു കൂടി പറഞ്ഞു കൊള്ളട്ടെ...

എല്ലായിടത്തും ഹരിതം നിറയുന്ന നാളുകളാണിപ്പോൾ. പടക്കം വരെ ഹരിതമാവണമെന്നുവരെയെത്തി കാര്യങ്ങൾ. പല ഹരിത പരിപാടിയും നനഞ്ഞ പടക്കത്തിന്റെ അവസ്ഥയിലാണെന്നത് വേറെ കാര്യം. ഈ സുന്ദര ഭൂമി ശരിക്കും ഹരിതമാവണമെങ്കിൽ ആദ്യം വേണ്ടത്, ആരെങ്കിലും വഴിയിൽ വച്ചു തന്ന ഒരു 'മുട്ടായി' തിന്നതിനു ശേഷം മിഠായിക്കടലാസ് മടക്കി പോക്കറ്റിലിടണമെന്ന തോന്നൽ വരുകയെന്നതാണ്. അതു പാലിക്കുകയും വേണം. കൂറ്റൻ പള്ളിക്കെട്ടിടങ്ങൾ കെട്ടിപ്പൊക്കി എയർ കണ്ടീഷൻ ചെയ്ത് സ്ലൈഡിങ് ഗ്ലാസ് വാതിലുകൾ സ്ഥാപിച്ച് സുഖമായി നിന്നു ശുശ്രൂഷിക്കുകയും അതിനൊക്കെ ആമേൻ പറയുകയും ചെയ്യുന്നിടത്തു തീരുന്നു ഹരിത വിപ്ലവത്തിൽ വിശ്വാസ സമൂഹത്തിന്റെ ഇടപെടൽ. എന്നാൽ, ഹരിത നയത്തിൽ സിഎസ്ഐ സഭ മാതൃകാപരമായി ഏറെ മുന്നേറിയിട്ടുണ്ട്.

ഹരിത കുർബാനയുടെ ഭാഗമായി എല്ലാ മാസവും ഒന്നാം ഞായറാഴ്ച നമ്മുടെ പള്ളി കളിൽ വൈദ്യുതരഹിത ആരാധന നടപ്പിലാക്കുകയാണ് ആദ്യം വേണ്ടത്. മൈക്രോ ലൈറ്റോ ഫാനോ ഒന്നുമില്ലാതെ ഒരു സീറോ വൈദ്യുതി ഞായറാഴ്ച കാർബൺ എമിഷനു തടയിടാനുള്ള ഈ എളിയ പരിശ്രമം വരും തലമുറയ്ക്ക് പ്രചോദനമാകാതിരിക്കുമോ. ഇതിന്റെ നന്മ ഉൾക്കൊണ്ട് ഇതര മതസ്ഥരും ഇതു മാതൃകയാക്കാതിരിക്കുമോ. തുടക്കത്തിൽ പല എതിർപ്പുകളും ഉണ്ടാവുമെന്നതിനു തർക്കമില്ല. എന്നാൽ, അങ്ങനെയൊരു ആരാധനയുടെ ദിവ്യാനുഭൂതി അനുഭവപ്പെടുമ്പോൾ എല്ലാ എതിർപ്പുകളുമില്ലാതാവുമെന്നുറപ്പല്ലേ.

വൈദ്യുതി ഉപയോഗം ഒട്ടുമേയില്ലാതെ, മദ്ബഹായിൽ മെഴുകുതിരി വെളിച്ചത്തിൽ മാത്ര മുള്ള പ്രാർത്ഥനയും എല്ലാ ജനലുകളും വാതിലുകളും തുറന്നു ശുദ്ധവായു ശ്വസിച്ചുകൊണ്ടുള്ള വിശ്വാസികളുടെ പങ്കാളിത്തവും അനൗൺസ്മെന്റിനു പോലും മൈക്ക് ഉപയോഗിക്കാത്തതിനാലുളവാകുന്ന അതീവ നിശ്ശബ്ദതയുമെല്ലാം കൂടിച്ചേർന്നു നമ്മൾക്ക് ഇതുവരെ അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു തലത്തിലേക്കു നമ്മുടെ ആരാധന തീർച്ചയായും ഉയരില്ലേ...!

അങ്ങനെയായാൽ എന്തൊരു അനുഭവമായിരിക്കുമത്. പള്ളിയിൽ നിന്നു മടങ്ങി വീട്ടിലെത്തിയാൽ പോലും കുറെ സമയം നമ്മൾ മറ്റൊരു തലത്തിലായിരിക്കുമെന്ന് തീർച്ചയല്ലേ. ഇപ്പോൾ ഈ ദിവ്യാനുഭൂതി അനുഭവപ്പെടുന്നതു വൈദ്യുതിമുടക്ക ത്തിനും ജനറേറ്റർ പ്രവർത്തനത്തിനു മിടയ്ക്കുള്ള ഏതാനും ചെറുനിമിഷങ്ങൾ മാത്രമാണ്...!

നമ്മുടെ കർത്താവ് പ്രവൃത്തിയിലൂടെ കാണിച്ചു തന്നു പഠിപ്പിച്ച കാര്യങ്ങൾ, സഭാംഗങ്ങളെ ഏറ്റവും ലളിതമായ രീതിയിൽ പഠിപ്പിക്കാൻ കഴിയുമ്പോൾ നമ്മൾ ദൈവഹിതം നിറവേറ്റുന്ന ഒരു സമൂഹമായി മാറുമെന്ന കാര്യത്തിൽ സംശയമില്ല. ■

യാത്രാവിവരണം

ദൈവകരം ഗ്രഹിച്ചു കൊണ്ടൊരു യാത്ര

സന്തോഷ് പവിത്രമംഗലം

അധികം മുന്നൊരുക്കങ്ങൾ ഇല്ലാതെ ചരിത്ര പ്രാധാന്യമുള്ള അർമേനിയയിലേക്ക് ഒരു യാത്ര ചെയ്യാനിടയായി. യാത്രകൾ ഓരോ രാജ്യത്തിന്റെയും സംസ്കാരം, ചരിത്രം തുടങ്ങിയവ മനസ്സിലാക്കുവാൻ സഹായിക്കും. അവിടത്തെ ഓരോ മൺതരിക്കും ധാരാളം ചരിത്രങ്ങൾ പറയുവാനുണ്ടാകും.

ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ ഇത്രയധികം പീഡിപ്പിക്കപ്പെട്ട ഒരു ജനത ലോകത്തിൽ മറ്റൊരു രാജ്യത്തും ഉണ്ടാവില്ലെന്നു തോന്നുന്നു. അർമേനിയയുടെ ചരിത്രങ്ങൾ വിശദീകരിക്കുന്ന സ്വദേശിയായ ഗൈഡിന്റെ രാജ്യസ്നേഹവും പൂർവികരോടുള്ള കടപ്പാടും ബഹുമാനവും ആ വാക്കുകളിൽ പ്രകടമായിരുന്നു. അർമേനിയൻ ഭാഷയ്ക്ക് ലിപി ഉണ്ടാകുന്നത് വിശുദ്ധ വേദപുസ്തകം പരിഭാഷപ്പെടുത്തുവാൻ വേണ്ടി ആയിരുന്നു എന്നാണ് പറയപ്പെടുന്നത്. ഓർത്തോഡോക്സ് വിശ്വാസം ശക്തമായി വേരുറപ്പിച്ചവരാണ്

Gndevank Monastery

പാറക്കല്ലിൽ കൊത്തിയ ക്രിസ്തു രൂപം.

അർമേനിയൻ ജനത. എന്നെ അവിടെ കൂടുതൽ ആകർഷിച്ചത് ചരിത്രത്തിന്റെ വേദനകളും അതിലൂടെ നേടിയ പ്രൗഢിയും വിളിച്ചോതുന്ന ഓരോ ദേവാലയങ്ങളാണ്. നൂറ്റാണ്ടുകൾ പഴക്കമുള്ള, ഭൂമി നിരപ്പിൽ നിന്നു വളരെ ഉയരത്തിലുള്ള മലയുടെ മുകളിൽ വലിയ പാറക്കല്ലുകൾ കൊണ്ട് നിർമിച്ച ഈ ദേവാലയങ്ങൾ ഇന്നും തനിമ നഷ്ടമാക്കാതെ പുതിയ തലമുറയിലെ വിശ്വാസികൾ കാത്തു സൂക്ഷിക്കുന്നത് അവരുടെ ദൈവിക സ്നേഹത്തെ വിളിച്ചോതുന്നു. കൂടാതെ മഞ്ഞുമൂടി നിൽക്കുന്ന അരാരത്ത് പർവ്വതത്തെ ദൂരെ നിന്നാണെങ്കിലും നോക്കി കാണുവാൻ ഈ യാത്രയിലൂടെ സാധിച്ചു. തുർക്കി രാജ്യത്തിന്റെ അതിർത്തിയിൽ ആണ് അരാരത്ത് പർവ്വതം സ്ഥിതി ചെയ്യുന്നതെങ്കിലും അർമേനിയൻ ജനതയുടെ വിശ്വാസത്തിലെ ഒരു വികാരമാണ് വേദപുസ്തക പഴയനിയമത്തിലെ അരാരത്ത് പർവ്വതം. ഈ പർവ്വതത്തിൽ നിന്ന് അല്പം ദൂരെയുള്ള അർമേനിയയുടെ അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന Khor Virap എന്ന ആശ്രമം ചരിത്ര പ്രാധാന്യമുള്ളതാണ്. മൂന്നാം നൂറ്റാണ്ടിൽ ക്രിസ്തുമതം പ്രചരിപ്പിച്ചതിന്റെ പേരിൽ ഗ്രിഗറി എന്ന വ്യക്തിയെ അവിടത്തെ ഭരണാധികാരി ദേവാലയത്തിന്റെ വിശുദ്ധ മദ്ബഹായോടു ചേർന്നുള്ള ഇരുട്ടറയിൽ ഏകദേശം 13 വർഷം അടയ്ക്കുകയും ദൈവത്തിന്റെ അദ്ഭുത കൃപ കൊണ്ട് അദ്ദേഹം ഒരു നേരത്തെ റൊട്ടി മാത്രം ഭക്ഷിച്ച് ജീവൻ നിലനിർത്തുകയും പിന്നീട് ജയിൽ മോചിതനാവുകയും ചെയ്തു.

അർമീനിയായിലെ ക്രിസ്തുമതത്തിന്റെ സ്ഥാപകൻ എന്നുള്ള നിലയിൽ ‘Gregory The Illuminator’ എന്ന നാമത്തിൽ അദ്ദേഹം വിശുദ്ധ പദവിയി ലേക്ക് ഉയർത്തപ്പെട്ടു. ഏകദേശം ആറ് മീറ്റർ താഴ്ചയുള്ള ഗുഹയ്ക്കു സമാനമായ ജയിലറയിലേക്ക് ഇറങ്ങിച്ചെല്ലുവാൻ സാധിച്ചി

വളരെ ഉയരത്തിലുള്ള മലയുടെ മുകളിൽ വലിയ പാറക്കല്ലുകൾ കൊണ്ട് നിർമിച്ച ഈ ദേവാലയങ്ങൾ ഇന്നും തനിമ നഷ്ടമാക്കാതെ പുതിയ തലമുറയിലെ വിശ്വാസികൾ കാത്തു സൂക്ഷിക്കുന്നത് അവരുടെ ദൈവിക സ്നേഹത്തെ വിളിച്ചോതുന്നു.

ല്ലെങ്കിലും വിശുദ്ധ മദ്ബഹക്ക് മുമ്പിൽ നിന്നു കുടുംബ മായി പ്രാർത്ഥിക്കുവാൻ ഈ യാത്രയിൽ കഴിഞ്ഞു വെന്നതു ദൈവാനുഗ്രഹമായി കാണുന്നു.

ധാരാളം ആശ്രമങ്ങൾ ഇപ്പോഴും അർമേനിയയിൽ ഉണ്ടെങ്കിലും അവിടെ ഇപ്പോൾ സന്യസ്ഥർ ഇല്ലെന്നു തന്നെ പറയാം. മല മുകളിലുള്ള മറ്റൊരു ആശ്രമത്തിലും (Gndevank Monastery) പോയി അവിടത്തെ കാര്യങ്ങൾ കണ്ടു മനസ്സിലാക്കുവാനും കഴിഞ്ഞു. ഏകദേശം 500 സന്യാസ പുരോഹിതർ താമസിച്ചു ജീവിച്ച ആശ്രമത്തിൽ, ഒരു വൈദികനും ഒരു ഡീക്കനും മാത്രമേ ഇപ്പോഴുള്ളൂ. ഫ്രെഡറിക് എന്ന ഈ പുരോഹിതൻ വളരെ പ്രാർത്ഥനാജീവിതവും വിശുദ്ധിയുമുള്ള വ്യക്തിയാണെന്നും അദ്ദേഹത്തിനെക്കൊണ്ട് തലയിൽ കൈവച്ച് പ്രാർത്ഥിപ്പിക്കുവാൻ മാത്രം ധാരാളം വിശ്വാസികൾ അവിടെ എത്താറുണ്ടെന്നും ഞങ്ങളുടെ ഗൈഡ് വിശദീകരിച്ചു.

അങ്ങനെ പള്ളിക്കുള്ളിൽ പ്രവേശിച്ചപ്പോൾ ഈ വൈദികൻ അവിടെ വന്നവരുടെ തലയിൽ കൈവച്ച് പ്രാർത്ഥിക്കുന്നത് കാണാനിടയായി. ഞങ്ങളും അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് തലവണങ്ങി. തലയിൽ സ്കാർഫ് ഇല്ലാതെ പള്ളിയിൽ പ്രവേശിക്കുന്ന സ്ത്രീകൾക്കു വേണ്ടി തലയിൽ ഇടുവാനുള്ള സ്കാർഫ്



Khor Virap Monastery

ക്രിസ്തുമതം പ്രചരിപ്പിച്ചതിന്റെ പേരിൽ വിശുദ്ധ ഗ്രിഗറിയെ പാർപ്പിച്ച ഇരുട്ടറയുള്ള ദേവാലയം.

അവിടെ കരുതിയിട്ടുണ്ട്. അത് തലയിൽ മൂടി വേണം പള്ളിയിൽ പ്രവേശിക്കേണ്ടതും പുരോഹിതന്റെ അടുത്തേക്കു പോയി പ്രാർത്ഥിക്കേണ്ടതും. ഏകദേശം രണ്ട് മിനിറ്റിൽ കുറയാതെ ഈ പുരോഹിതൻ വേദപുസ്തകം പോലുള്ള പുസ്തകത്തിൽ നോക്കിയാണ് ഹൂസോയോ നൽകുന്നതു പോലെ പ്രാർത്ഥിക്കുന്നത്. അവിടത്തെ ബിഷപ് താമസിച്ച മുറി, ലൈബ്രറി, സന്യസ്തർക്കു ഭക്ഷണം പാകം ചെയ്യുന്ന അടുക്കള തുടങ്ങിയവയും വ്യത്യസ്തമായ കാഴ്ചകൾ ആയിരുന്നു.

പെന്തക്കോസ്തി ഞായറാഴ്ച രാവിലെ ഞങ്ങൾ താമസിച്ച ഹോട്ടലിനു സമീപം ഒരു ദേവാലയം കണ്ടുപിടിച്ച് അവിടത്തെ ആരാധന യിൽ കുറച്ചു സമയം പങ്കെടുത്തു. നവീന രീതിയിൽ പണികഴിപ്പിച്ച ഈ ദേവാലയം കത്തീഡ്രൽ പദവിയിൽ ഉള്ളതായിരുന്നു. ഞായറാഴ്ച ദിവസം ധാരാളം വിശ്വാസികൾ ആരാധനയിൽ പങ്കെടുത്തതിനാൽ ദേവാലയത്തിനുള്ളിൽ നിറയെ വിശ്വാസികൾ ഉണ്ടായിരുന്നു. അന്നത്തെ വിശുദ്ധ കുർബ്ബാനയിൽ അവരുടെ ബിഷപ്പും സന്നിഹിതൻ ആയിരുന്നു. മലങ്കര ഓർത്തഡോക്സ് സഭയുടെ അംശവസ്ത്രങ്ങളോടു സമാനമായ അംശ വസ്ത്രങ്ങൾ ആയിരുന്നു തിരുമേനിയും വൈദികനും ധരിച്ചിരുന്നത്. തിരുമേനിയുടെ മസ്നപ്സ നമ്മുടേതിനു സാമ്യം ആയിരുന്നില്ല. വൈദികന്റെ കാപ്പയുടെ പിൻവശത്ത് ഇവിടെ കാണാറുള്ള കുരിശോ പ്രാവിന്റെ രൂപമോ ഇല്ലായിരുന്നു. ശുശ്രൂഷകരുടെ കുപ്പായത്തിലും വ്യത്യാസം ഉണ്ടാ യിരുന്നു. കാപ്പ തുണിക്കു സമാനമായ വസ്ത്രം കൊണ്ടു തുന്നിയ കുപ്പായമാണു ശുശ്രൂഷകർ ധരിച്ചിരുന്നത്. വൈദികൻ ആരാധനയിൽ വിശ്വാസി കൾക്കഭിമുഖമായി തിരിഞ്ഞു സമാധാനം ആശംസിക്കുമ്പോൾ ജനം കുനിഞ്ഞ് വലതു കൈ കൊണ്ടു

ദൈവകരം ഗ്രഹിച്ചു കൊാരു യാത്ര ... തുടർച്ച

തറയിൽ തൊട്ടതിനു ശേഷമാണ് കുരിശു വരയ്ക്കുന്നത്. കുരിശു വരയിലും വ്യത്യാസം കണ്ടിരുന്നു. നെറ്റിയിലും നെഞ്ചിലും തൊട്ടതിന് ശേഷം നമ്മൾ ഇടതു തോളിലാണ് വിരലുകൾ തൊടുന്നതെങ്കിൽ അവർ നെറ്റിയിൽ നിന്നും നെഞ്ചത്തും വലതു തോളിലും പിന്നീട് ഇടതു തോളിലും വിരലുകൾ വയ്ക്കുന്നു. സമാധാനം നല്കുന്നതു പരസ്പരം വണങ്ങിയാണ്. ഞങ്ങൾ പള്ളിയിൽ ചെല്ലുമ്പോൾ പള്ളിക്കുള്ളിൽ ആഘോഷമായ ഒരു പ്രദക്ഷിണം നടന്നു കൊണ്ടിരിക്കുകയായിരുന്നു. പെന്തക്കോസ്തിയുടെ പ്രദക്ഷിണം ആയിരുന്നോ അതെന്ന് അറിയുവാൻ കഴിഞ്ഞില്ല. മടക്കയാത്ര അന്നു വൈകിട്ടു തന്നെ ആയിരുന്നതിനാൽ കൂടുതൽ സമയം ആരാധനയിൽ പങ്കെടുക്കുവാൻ സാധിച്ചില്ല.

അർമേനിയ എന്ന രാജ്യം വികസനത്തിന്റെ പാതയിലൂടെ കടന്നു പൊയ്ക്കൊണ്ടിരിക്കുകയാണ്. ധാരാളം വിദേശികൾ ഇവിടേക്ക് എത്തുന്നുണ്ട്. അതിനാൽ റോഡുകളുടെ ഇരുവശമുള്ള കടകളും സജീവമാണ്. ഹോട്ടൽ മുതൽ ചെറിയ കടകളിൽ വരെയും മദ്യവും വീഞ്ഞും സുലഭമാണെങ്കിലും കേരളത്തിലെ ഒരവസ്ഥ അവിടെ കാണാൻ കഴിയില്ല! പൊതു സ്ഥലങ്ങൾ വളരെ വൃത്തിയായി സൂക്ഷിക്കുന്നു. ചെടികളും മരങ്ങളും കൊണ്ടു നിറഞ്ഞതാണ് അർമേനിയയുടെ തലസ്ഥാനമായ Yerevan പട്ടണം. വളരെ പഴക്കമുള്ള ബഹുനിലക്കെട്ടിടങ്ങളോടൊപ്പം പുതിയ കെട്ടിടങ്ങളും നഗരത്തിനു ഭംഗി നൽകുന്നു. അവിടത്തെ സാധാരണ ജനങ്ങൾക്ക് അർമേനിയൻ ഭാഷ മാത്രമേ വശമുള്ളൂ. യാത്രയിൽ ഒരു രാജ്യാന്തര നിലവാരമുള്ള യൂണിവേഴ്സിറ്റിയും കണ്ടിരുന്നു. മെഡിക്കൽ വിദ്യാഭ്യാസത്തിനും മറ്റുമായി ഇന്ത്യയിൽ നിന്നും വിദ്യാർത്ഥികൾ അവിടെ എത്തുന്നുണ്ടെന്നാണ് അറിഞ്ഞത്. അവരുടെ പ്രധാന ഭക്ഷണം റൊട്ടിയും മാംസാഹാരങ്ങളുമാണ്. ധാരാളം കന്നുകാലികളെയും ചെമ്മരിയാടുകളെയും അവർ വളർത്തുന്നുണ്ട്. അതിലൂടെ നല്ല വരുമാനം അവിടത്തെ കർഷകർക്കു ലഭിക്കുന്നു. പട്ടണത്തിൽ നിന്നു പുറത്തേക്കുള്ള യാത്രയിൽ റോഡിന് ഇരുവശവും പുല്ലുകൾ തിങ്ങി വളരുന്നതിനാൽ കന്നുകാലികൾ മേയുന്ന കാഴ്ച ആകർഷണീയമായിരുന്നു. കന്നുകാലികളെയും ആടുകളെയും മേയ്ക്കുന്ന ഇടയൻ കുതിരപ്പുറത്തിരുന്നാണ് അവയോടൊപ്പം പോകുന്നത്. ഒരു നായയേയും ഓരോ കൂട്ടത്തിലും കണ്ടിരുന്നു. ധാരാളം പഴവർഗങ്ങൾ അവരുടെ കൃഷി സ്ഥലങ്ങളിൽ നിന്നു വിപണിയിൽ എത്തുന്നുണ്ട്. ധാരാളം മുന്തിരിത്തോട്ടങ്ങളും വൈൻ ഉണ്ടാക്കുന്ന വൈനറിയും കാണുവാൻ കഴിഞ്ഞു.

ധാരാളം ആശ്രമങ്ങൾ ഇപ്പോഴും അർമേനിയയിൽ ഉണ്ടെങ്കിലും അവിടെ ഇപ്പോൾ സന്ന്യസ്തർ ഇല്ലെന്നു തന്നെ പറയാം. ഏകദേശം 500 സന്യാസ പുരോഹിതർ താമസിച്ചു ജീവിച്ച മറ്റൊരു ആശ്രമത്തിൽ, ഒരു വൈദികനും ഒരു ഡീക്കനും മാത്രമേ ഇപ്പോഴുള്ളൂ.

വിനോദ സഞ്ചാരികളെ ഏറ്റവും ആകർ ഷിക്കുന്ന ഒരു സ്ഥലമാണ് അർമേനിയയുടെ കിഴക്കൻ മേഖലയിൽ സ്ഥിതിചെയ്യുന്ന Tsaghkadzor എന്ന പ്രദേശം. ഇവിടെയുള്ള റോപ് വേയിലെ യാത്ര വളരെ വ്യത്യസ്തമായ അനുഭവമാണ് നൽകുന്നത്. ജലനിരപ്പിൽ നിന്നും 2,819 മീറ്റർ പൊക്കത്തിലാണ് ഈ റോപ്‌വേ സ്ഥിതി ചെയ്യുന്നത്. താഴേക്കു നോക്കിയാൽ വനപ്രദേശവും അറാറത്ത് പർവ്വതവും കാണുവാൻ കഴിയും. അരമണിക്കൂറോളം റോപ്‌വേയിലൂടെ സഞ്ചരിച്ചു മറ്റൊരു മലമുകളിൽ എത്താം. അവിടെ ചുറ്റിക്കറങ്ങി കണ്ടതിനു ശേഷം തിരികെ ഇതേ റോപ്‌വേയിൽ കൂടി താഴെ എത്തുന്നു.

അർമേനിയൻ അപ്പൊസ്തലിക് കത്തീഡ്രലിലെ ഞായറാഴ്ച്ച ആരാധന

അടുത്ത ദിവസം മറ്റൊരു റോപ്‌വേയിലും കയറി. ലോക റെക്കോർഡ് നേടിയ ഈ റോപ്‌വേയുടെ നീളം 5.7 കിലോമീറ്ററാണ്. Wings of Tatev എന്നാണ് ഇതറിയപ്പെടുന്നത്. സമുദ്രനിരപ്പിൽ നിന്ന് 2,080 മീറ്റർ ഉയരത്തിലാണ് ഈ പ്രദേശം സ്ഥിതി ചെയ്യുന്നത്. തലസ്ഥാനത്തു നിന്ന് 50 കിലോമീറ്റർ യാത്ര ചെയ്തു Jermuk എന്ന സ്ഥലത്തെത്തുന്നതും ഈ റോപ്‌വേയിലൂടെയാണ്. Gndevank Monastery ഈ സ്ഥലത്താണു സ്ഥിതി ചെയ്യുന്നത്.

ഇപ്പോൾ അവിടെ വേനൽക്കാലമാണെന്നു പറയുന്നെങ്കിലും ഞങ്ങൾക്ക് അതൊരു ചൂട് കാലമായി തോന്നിയില്ല. പൊലീസ് വാഹനങ്ങൾ എപ്പോഴും ഓരോ ജംക്ഷനുകളിലും ഉണ്ടായിരുന്നു. ഒപ്പം റോഡിൽക്കൂടി യാത്ര ചെയ്യുന്നവരെ നിരീക്ഷിക്കുന്ന പൊലീസ് ഉദ്യോഗസ്ഥരുടെ വാഹനങ്ങളും ധാരാളം ഉണ്ടായിരുന്നു. വിദേശികളുടെ സുരക്ഷിതത്വം ഉറപ്പ് വരുത്തുക, അവിടത്തെ ക്രമസമാധാനം നിലനിർത്തുക എന്നതാണ് ഇവരുടെ ഉത്തരവാദിത്തം.

വൈവിധ്യമാർന്ന ഭക്ഷണങ്ങൾ, വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികൾ, വിവിധ സംസ്കാരങ്ങൾ തുടങ്ങിയവ കണ്ടും അറിഞ്ഞും അഞ്ച് ദിവസം നീണ്ടുനിന്ന അർമേനിയൻ യാത്ര പര്യവസാനിക്കുമ്പോൾ ഇതിനൊക്കെ ഇടയായതിൽ ദൈവത്തെ സ്തുതിക്കുന്നു. ■

നുറുങ്ങും കാര്യവും

മെത്രാന് വേവലാതി. വികാരിമാരുടെ സ്ഥലമാറ്റം. ആരെ എവിടൊക്കെ പ്രതിഷ്ഠിക്കണം. മേജർ പള്ളികളിലേക്ക് താപ്പാനകളെ നിയമിച്ച് സന്തുഷ്ടരാക്കാം. ഒരു വെടിക്ക് രണ്ടു പക്ഷികളെ അങ്ങനെ കൈക്കലാക്കുകയും ചെയ്യാം. അവിടെയും നമ്മുക്ക് എന്തു കിട്ടുമെന്ന് നോക്കുന്നതിലെന്താ തെറ്റ്? കത്തീഡ്രൽ കഴിഞ്ഞാൽ അടുത്തത്, താപ്പാൻപദവിയിലേക്ക് ഓടി അടുത്തുകൊണ്ടിരിക്കുന്നവരെ സാധാരണ പള്ളിയല്ലാത്ത വലിയപള്ളി, മഹായിടവക, സിംഹാസനപള്ളികളിലേക്ക് നിയമിച്ച് വെടക്കാക്കി തനിക്കാക്കാം.

അങ്ങനെ കച്ചവടമാമാങ്കത്തിൽ പിന്തുണച്ചവരേയും അരമനയെന്ന ഓമനപ്പേരുള്ള മെത്രാന്റെ വസതിയിൽ സ്ഥിരപ്രതിഷ്ഠകരായവരേയും കൈകാര്യം ചെയ്താൽ പരീക്ഷണം വിജയിച്ചു. അങ്ങനെ അവരേയും തൃപ്തിപ്പെടുത്തി. എന്നാൽ, കിട്ടുന്നതിൽ സംതൃപ്തി അടയുന്ന, അന്തസ്സുള്ള, അജപാലനം ദൈവികവിളിയെന്നബോധ്യമുള്ള, പാവങ്ങളായ വൈദികരെ പാവകളിപ്പിച്ച് അവിടെയും ഇവിടെയും ആക്കിയാലും പ്രശ്നം തീരുന്നില്ലല്ലോ. വേണ്ടതിലധികം ദൈവത്തിന്റെ പ്രതിസ്ഥാനികൾ. അവരെ അങ്ങനെ തഴയാമോ? അഭ്യസനത്തിനും അഭ്യാസത്തിനും വലിയ പള്ളികൾക്കിരിക്കട്ടെ ഓരോന്ന്. വലിയച്ചന് ഒരു സഹായം. ഇടവകയ്ക്ക് ബാധ്യത. മെത്രാന് ആശ്വാസം.

ഏതെങ്കിലും പള്ളിക്കാർ ഉള്ളതിനെ തന്നെ എങ്ങനെ വഹിക്കുമെന്ന് ചോദിച്ചു വന്നാൽ, ഇടവകശുശ്രൂഷ അനുഗ്രഹകരമാക്കുവാനാണെന്നു പറഞ്ഞ് വിശ്വാസികളെ എളുപ്പത്തിൽ പറ്റിക്കുകയും ചെയ്യാം. പക്ഷേ, ഈ പ്രാവശ്യം ജോഡികളെ കണ്ടെത്തിയപ്പോൾ സഹായിയായി നിന്ന പേരിയോർ, വൈദികരുടെ സീനിയർ – ജൂനിയർ കണക്കുകൂട്ടൽ ഒന്ന് കുഴച്ചുമറിച്ചു. അപ്പുറത്തെ വലിയ വികാരിയെ ഇപ്പുറത്തെ കൊച്ചു വികാരിയായും തിരിച്ചുമൊക്കെ ആക്കേണ്ടി വന്നു.ഇതൊക്കെ ദൈവരാജ്യ നിർമ്മിതിക്ക് വേണ്ടിയുള്ള ആദരണീയരും വന്ദ്യരുമായവരുടെ വിശുദ്ധ ചെയ്തികളല്ലേ? മറിച്ചൊന്ന് ചിന്തിച്ചാൽ ദൈരാജ്യം നഷ്ടപ്പെടും. എല്ലാം അടങ്ങിയൊതുങ്ങി സഹിച്ചോണം. കൂടുതൽ പരാതിയുള്ളവരോട് അടുത്ത സ്ഥലമാറ്റത്തിൽ വലിയ പരിഗണന ഉറപ്പും കൊടുത്തു. സന്തോഷിക്കുവാൻ എന്തുവേണം?

വിശ്വാസികളുടെ പരാതിക്ക് സ്ഥിരം മറുപടി. ഉള്ള കല്ലുവച്ച് പണിത് പണിത് ഇങ്ങനെയൊക്കെ ആക്കി. ഇനിയും ഏതെങ്കിലും കല്ല് ഇളക്കി മാറ്റി പണിതാൽ ഇടിഞ്ഞുവീഴുവാൻ സാധ്യത ഏറെ. ആ പതനം ഭയാനകവും. അതുകൊണ്ട്, സഹകരിക്കുവാനും വീഴാതെ നോക്കുവാനും വിശ്വാസികളോട് പ്രബോധനം. അതേ, സഭയാകുന്ന ദൈവത്തിന്റെ ആലയത്തെ കള്ളന്മാരുടെ ഗുഹയാക്കുന്നതാരെന്ന് പുതിയ തലമുറ മനസ്സിലാക്കുന്നു. കാപട്യങ്ങൾ തിരിച്ചറിയുന്നു. ■

VALUE-BASED CHARACTER FORMATION: A GREAT GIFT FOR CHILDREN

Fr. Bijesh Philip

How heartbreaking is the image of a mother pleading for the police to arrest her son! The increasing news of parents distressed by the violence inflicted by their drug-addicted children at home is a sign of a great disaster. It is not only due to drugs; the misfortune of parents weeping over their children due to various unhealthy issues is also on the rise, which is not a good sign. It is high time for parents and children alike to pay serious attention to creating a situation where they can rejoice themselves, unlike the current trend.

There are no parents who do not wish for their children to achieve high positions in education, career, health and wealth. While nurturing such dreams for their children, parents also have a significant responsibility to help them develop values and character. This responsibility should not be underestimated.

It must be understood that value-based character formation is the primary and most important part of the greatness and success of human life. Steven Berglas, a former professor at Harvard University in America, wrote a book titled 'The Success Syndrome' with the subtitle 'Hitting Bottom When You Reach the Top'. This book analyzes the life failures of highly talented individuals who reached high positions in major companies in America and other countries. The book underscores the principle that life does not become successful solely through high status, power, and money. It narrates real stories of addictions, deceptions, family breakdowns, and chaos, resulting from a lack of strong value-based character formation. Therefore, along with training children to achieve excellence in education, skill development, career, and material comforts, families have the primary responsibility to instil moral values in them, making them cultured individuals who can lead successful lives. Similarly, it is incorrect to forget the significant responsibility of educational institutions, society, the community they belong to, and the government.

It should be possible to steadfastly maintain the crucial values traditionally accepted and still essential in the postmodern era, such as love, honesty, truthfulness, sacrifice, justice, humility, non-violence, compassion, patience, and self-control. Character formation within families should empower individuals to overcome challenges against these values.

Art, literature, and cultural activities should be discussed in relation to such values. Most films, in their attempt to establish justice and goodness, often justify any injustice and violence committed. When such films are shown, just as 'Smoking is injurious to health' is displayed at the beginning of a film, it should also be mentioned that 'violence and revenge in these films can be harmful to the health of human minds'. There is a high possibility that minds that assimilate negative thoughts coming through social media and art without critical reflection can become distorted.

Among the human values mentioned earlier, self-control is crucial in the character formation of children. Self-esteem alone is not enough; self-control is a principle that needs to be held onto equally or even more firmly. Even the Western world is now beginning to understand this to some extent. Studies are increasingly showing that self-control is essential for success in family and all areas of life. Roy F Baumeister's article 'Conquer Yourself, Conquer the World' in 'Scientific American' (April, 2015) conveys this message.

> **Along with training children to achieve excellence in education, skill development, career, and material comforts, families have the primary responsibility to instil moral values in them, making them cultured individuals who can lead successful lives.**

Stories of people who lived and are living by upholding the human values mentioned earlier should be constantly shared with children. Not only the lives of well-known great individuals but also instances of such values in ordinary people should be praised and spoken about in front of children.

Trying to sow divine wisdom in the minds of children is a great virtuous deed. What is sown is later reaped. Families and teachers have a great responsibility to prevent the seeds that weaken or destroy humanity from falling into those pure minds and to continuously sow the seeds of goodness there. It is highly desirable to utilize spiritual wisdom obtained from any source that is helpful for this. The former President of India, Shri A.P.J. Abdul Kalam, had highly praised the book 'Thirukkural' for being helpful in his life in this manner. It is indisputable that meditative reflections on spiritual texts, including the Bible, play a crucial role in value-based character formation.

In the past, children had more opportunities to absorb and grow with noble values directly or indirectly from their fathers,mothers, grandparents, teachers, and society in general. This is not to claim that everything in the past was good. This traditional, natural character formation has significantly slowed down today, and negative character formation has gained more strength. In a situation where the involvement of grandparents has decreased, both parents are busy with work and other matters, and teachers focus on completing the syllabus, the characters in social media and films, who are often unrelated and unfamiliar, are making deep interventions in shaping the character and values of children. Many do not even realize the extent of the disaster this is causing.

Due to the growing fanaticism associated with religions, there is also a strengthening tendency to generally disregard religions. The religious leaders who fail to walk their talk also contribute to this. Consequently, many are unable to properly utilize the possibilities and resources within religions for value-based character formation, which is regrettable.

It is incorrect to consider the growth of each child as solely a matter for that child and their family. When a person develops without basic human values, the destructive consequences will be experienced not only by that individual and the concerned family but by the entire society. How much sorrow and suffering does such a person sow in the institutions, fields of work, and families they interact with? Conversely, when someone develops as a person of values, many will share in the joy of the good that results from them. The creativity this generates will enhance the excellence of society.

For the reasons mentioned above, it has become essential for parents to pay close attention to value-based character formation along with ensuring their children's health and good education. In this context, what is needed is not an imposed authoritarian parenting or a detached parenting that avoids responsible interventions, but rather a creative approach that lovingly convinces and intervenes.

Let us recall some important approaches in the mission of positive parenting aimed at value formation:

1. Continuous Instruction -

Parents can consciously or unconsciously impart good human values and priorities through ordinary conversations in the family, including at the dining table. At the beginning of his extensive autobiography ('Playing It My Way'), Sachin Tendulkar mentions with great importance an advice he received from his father in his childhood. The essence of it was that his father wished to hear that Sachin was a good human being more than hearing that he was a great cricketer. Such sharing, aimed at the primary and most important greatness of life, should be made available to children

Page 6

VALUE-BASED CHARACTER FORMATION...... Contd.

at home from a young age. For this, daily news, art, literature, divine wisdom, and life experiences can all be utilized.

2. Role Modeling -

More than hearing instructions about values, children need opportunities to see these values in action. It is when children see family members acting according to the values they teach that they are likely to take them seriously. The influence of parents showing these to their children through their own lives and the exemplary lives of others are remarkable. It is also worth remembering that the role model of parents is crucial in shaping their children as good husbands, wives, and parents in the future.

3. Practical Application -

It is important to provide children with opportunities for the practical understanding of love, service, and sacrifice. Children should be encouraged from families and schools to participate in activities based on compassion, justice, and peace, and to engage in voluntary service or community service. It is well understood that an enlightenment occurred in Asia two millennia ago because a young man, despite the comforts of a palace and without family encouragement, descended into the suffering of humanity. This is a reference to Prince Siddhartha becoming the Buddha. Even in schools, there should be practical sessions to connect with the harsh realities of life, stepping out of the comforts of home, phone, such other facilities and a system that gives marks to such volunteer services.

4. Discipline with Boundaries -

Clearly defining boundaries and prohibitions for children from a young age is part of loving them. When Gandhiji was about to go to England from India for higher studies, the boundaries lovingly reminded by his mother and accepted by him became a great protective shield for him during his journey and in the country he reached, as he himself stated. Clearly and precisely communicating to children the controls and responsibilities in areas such as phone usage, interactions with friends, sleep time, money transactions, and social media usage will be a great loving service and blessing for them. The entire family should take responsibility for such discipline, which should be consistent and firm also. Children raised in this way will be able to handle their freedom responsibly as they grow up. Remember that the thread connecting the kite and the child holding it in kite flying is not an obstacle to the kite's flight but rather an aid. Discipline is the thread that integrates freedom, security, wellbeing and progress in life. There is no success without self-control and discipline.

5. Communion with the Divine -

The secular religion of those who believe that only the tangible cosmic reality experienced by the senses is true need not be imposed on everyone. Communion with God through prayer is an experience that energizes humanization and growth in human values. Honest daily prayer is an inspiration to grow in love, truth, purity of heart, and a sense of justice in the experience of God.

There is a story of a man who bought a parrot from a shop and brought it home to raise. The shopkeeper had said that this parrot would sing well. But even after a long time at home, the parrot did not sing. When the householder complained to the shopkeeper, he told him to hang a ring inside the cage for the parrot to enjoy. The expectation was that it would sing happily while jumping back and forth through it. But it did not work. When he complained again, the shopkeeper gave various suggestions. Accordingly, the householder made a cloth ladder inside the parrot's cage. Later, he placed a mirror inside for the parrot to see its reflection. Despite all this, the parrot did not sing. Soon after, the parrot died. When the householder sadly told the shopkeeper about this, the shopkeeper shared his sorrow and finally asked if the parrot had said anything before death. In response, the householder said that the parrot had died after asking, "Was there nothing suitable for me to eat that you could have bought from that shop?" The householder had given everything for the parrot's happiness, but he failed to provide the essential food. And the shopkeeper had not specifically told the householder that the parrot needed to be fed daily. We often miss the most important things.

Similarly, while today's dominant consumer culture teaches us to make life pleasurable and provides many things, it is a disaster if the value-based character formation, which deserves very high priority and is absolutely essential, is neglected.

This is a time when 'transhumanism', which involves inserting various chips and technologies into the brain and body to make humans more efficient, is beginning to grow. In the future, everyone may be forced to use these moderately. However, even here, value-based character formation, which abundantly imparts the joy of life, is very crucial. Children may not find this very pleasant at first. It might even be called 'old-fashioned'. Nevertheless, it will be a great gift that the family can give the values as stated above to the children. Parents and children will have much joy in the future in this process that helps children make their lives beautiful and value-rich. When teachers also join in this path of joy, this endeavor will be very successful.

Let us prepare, think, and join hands for this.

(This is a free translation of the Malayalam article by Fr. Bijesh Philip, titled മൂല്യാധിഷ്ഠിത സ്വഭാവ രൂപീകരണം, കുട്ടികൾക്ക് നൽകാവുന്ന വലിയോരു സമ്മാനം, prepared for the class at Sopana Academy, Njaliyakuzhy, Kottayam, on 21st May 2025 in connection with the Parenting Empowerment Programme organized by *Sahayathra* and *Sopana*.

Sincere gratitude to Shajan Mathew, Chengannur, for initiating the translation of the text into English using contemporary digital tools and for his thoughtful editorial support.)

പുസ്തക പരിചയം

ആരാധനാഗീത സമീക്ഷ

ആരാധനാഗീതങ്ങൾക്കൊരു ആമുഖ പഠനം

പ്രഫ. എൻ.ഐ. നൈനാൻ
സി.എസ്.എസ്. ബുക്സ്, തിരുവല്ല
വില: 100 രൂപ

പൗരസ്ത്യ സുറിയാനി സഭയുടെ ആരാധനാഗീതങ്ങളുടെ ഹൃദ്യതയും ആത്മീയതയും സമീക്ഷിക്കുന്ന പഠനം. കുർബ്ബാന ഗീതങ്ങൾ, ഞായറാഴ്ച നമസ്കാരം, ക്യംതാനമസ്കാരം എന്നിവയുടെ അർത്ഥവും പൊരുളും വെളിവാക്കുന്നു. ആരാധന കൂടുതൽ അർത്ഥപൂർണവും അനുഭവവേദ്യവുമാക്കുവാൻ സഹായിക്കുന്ന പുസ്തകം.

സഭ, സമൂഹം, സ്വാതന്ത്ര്യം

ഡോ. ജോസ് പാറക്കടവിൽ
സി.എസ്.എസ്. ബുക്സ്, തിരുവല്ല
വില: 200 രൂപ

സമകാലിക സംഭവങ്ങളെ സസൂക്ഷ്മം വിലയിരുത്തുന്ന ലേഖനസമാഹാരം. ഭാരതത്തിന്റെ സ്വാതന്ത്ര്യലബ്ധിയിൽ ക്രൈസ്തവർ വഹിച്ച പങ്കും കേരള സമൂഹത്തിൽ അയിത്താചാരം ശക്തമായി നിലനിന്നിരുന്ന കാലത്ത് അതിനെ അപ്രസക്തമാക്കിയ ആതുരശുശ്രൂഷയുടെ ചരിത്രവും വിവരിക്കുന്നു.

ലഹരി, ഹിംസ, അക്രമം

എഡിറ്റർ : **ഡോ.പോൾ മണലിൽ**
സി.എസ്.എസ്. ബുക്സ്, തിരുവല്ല
വില: 390 രൂപ

സമൂഹം അഭിമുഖീകരിക്കുന്ന ലഹരിയുടെയും ഹിംസയുടെയും പ്രശ്നങ്ങളെയും കാരണങ്ങളേയും വിലയിരുത്തി വിവിധ രംഗങ്ങളിൽ പ്രാഗദ്ഭ്യം തെളിയിച്ചിട്ടുള്ളവർ ചേർന്നെഴുതിയ ഗ്രന്ഥം.

മാർ അപ്രേം മെത്രാപ്പൊലീത്ത: ഐക്യത്തിനു വേണ്ടി നിലകൊണ്ട മഹാ ഇടയൻ

വർഗീസ് ജോൺ തോട്ടപ്പുഴ

കൽദായ സഭയിൽ മൂന്നു പതിറ്റാണ്ടായി നിലനിന്ന ഭിന്നത പരിഹരിച്ച് യോജിപ്പുണ്ടായത് മാർ അപ്രേം മെത്രാപ്പൊലീത്തയുടെ കാലത്താണ്. ഐകൃത്തിനു വേണ്ടി അദ്ദേഹം ശക്തമായ നിലപാടെടുത്തതു കൊണ്ടാണ് ഐക്യം വേഗത്തിലായത്.

മാർ ഈശൈ ശിംഓൻ ഇരുപത്തി മൂന്നാമൻ പാത്രിയർക്കീസും മാർ തോമ്മാ ധർമ്മോ മെത്രാപ്പൊലീത്തയും തമ്മിലുണ്ടായ അഭിപ്രായഭിന്നത വർദ്ധിച്ച് 1964ൽ മെത്രാപ്പൊലീത്തയുടെ സസ്പെൻഷനിൽ കലാശിച്ചു. പാത്രിയർക്കീസിനെ അനുകൂലിച്ചവർ 'ബാവാ കക്ഷി' എന്നും മെത്രാപ്പൊലീത്തയെ അനുകൂലിച്ചവർ 'മെത്രാൻകക്ഷി' എന്നും അറിയപ്പെട്ടു. വൈകാതെ വ്യവഹാരവും ആരംഭിച്ചു.

മാർ അപ്രേം മെത്രാപ്പൊലീത്തയും പൗലോസ് മാർ പൗലോസ് എപ്പിസ്കോപ്പയും കേരളത്തിലെ മെത്രാൻകക്ഷിക്കു വേണ്ടി 1968ൽ വാഴിക്കപ്പെട്ടു. മാർ തോമ്മാ ധർമ്മോ പാത്രിയർക്കീസായി വാഴിക്കപ്പെട്ടതോടെ സഭ ആഗോള തലത്തിലും പിളർന്നു. ബാവാ കക്ഷിക്കു വേണ്ടി 1971ൽ മാർ തിമോത്തിയോസ് മെത്രാപ്പൊലീത്ത വാഴിക്കപ്പെട്ടു. 1976ൽ പാത്രിയർക്കീസുമാരുടെ കുടുംബ പാരമ്പര്യവാഴ്ച അവസാനിക്കുകയും ഐകൃത്തിനുള്ള അന്തരീക്ഷം സംജാതമാകുകയും ചെയ്തു. യോജിപ്പിനുള്ള ചർച്ചകൾ വൈകാതെ ആരംഭിച്ചെങ്കിലും അന്നു വിജയിച്ചില്ല. സഭയിലെ യോജിപ്പ് ലക്ഷ്യമാക്കി ഇരുഭാഗത്തെയും ഐക്യവാദികൾ ചേർന്ന ഒരു സംഘം പ്രവർത്തിച്ചിരുന്നു.

ബാവാകക്ഷിയിലെ മാർ തിമോത്തിയോസ് മെത്രാപ്പൊലീത്തയുടെ ഷഷ്ടി പൂർത്തി 1980ൽ ആഘോഷിച്ചപ്പോൾ മെത്രാൻ കക്ഷിയിലെ മാർ അപ്രേമും മാർ പൗലോസും സംബന്ധിച്ചത് ശ്രദ്ധേയമായി. ബാവാകക്ഷിയുടെ തലവനായ മാർ ദിൻഹാ നാലാമൻ പാത്രിയർക്കീസ് 1991ൽ കേരളത്തിലെത്തിയപ്പോൾ മെത്രാൻ കക്ഷി അവരുടെ ആസ്ഥാനത്ത് അദ്ദേഹത്തിന് സ്വീകരണം നൽകി. അന്നു നടത്തിയ ഐക്യശ്രമം പരാജയപ്പെട്ടെങ്കിലും ഇരുകക്ഷികളിലും ഐക്യ പ്രതീക്ഷ വർദ്ധിക്കുന്നതിനിടയാക്കി. ആഗോള തലത്തിലുള്ള യോജിപ്പ് വൈകുമെന്ന് മനസ്സിലാക്കിയ പാത്രിയർക്കീസ് ഇന്ത്യയിലെങ്കിലും വൈകാതെ യോജിപ്പുണ്ടാക്കണമെന്ന് നിർദേശിച്ചു.

1995ൽ അന്തരീക്ഷം ആകെ മാറി. മാർ അപ്രേം മെത്രാപ്പൊലീത്ത, മറുഭാഗത്തെ ബിഷപ് മാർ ബാവായ് സോറോയുമായും തുടർന്ന് മാർ ദിൻഹാ പാത്രിയർക്കീസു മായും ചർച്ച നടത്തി. മാർ നർസായ് മെത്രാപ്പൊലീത്തയെയും ബിഷപ് മാർ മിലീസ് സയ്യായെയും പാത്രിയർക്കീസ് കേരളത്തിലേക്ക് അയച്ചു. അവർ ഇരുവിഭാഗങ്ങളുമായി ചർച്ച നടത്തി.

ചർച്ച വിജയിച്ചതോടെ ഇന്ത്യയിലെ സഭയിൽ 1995 നവംബർ 13ന് ഐക്യമുണ്ടായി. ഇരുകക്ഷിയിലുമുണ്ടായിരുന്ന മൂന്നു മേൽപ്പട്ടക്കാരെയും പട്ടക്കാരെയും പരസ്പരം അംഗീകരിച്ചു. യോജിച്ച ഇന്ത്യൻ സഭ ഷിക്കാഗോ ആസ്ഥാനമായിരുന്ന (ബാവാകക്ഷിയുടെ) മാർ ദിൻഹാ പാത്രിയർക്കീസിനെ സഭാ തലവനായി അംഗീകരിച്ചു. ഗ്രിഗോറിയൻ കലണ്ടർ സ്വീകരിച്ചു. ഏറ്റവും പ്രായം കൂടിയ മാർ തിമോത്തിയോസ് മെത്രാപ്പൊലിത്ത എപ്പിസ്കോപ്പൽ കൗൺസിൽ ചെയർമാനും



ദീർഘനാൾ നീണ്ട നേതൃത്വം

കേരളത്തിലെ ക്രൈസ്തവസഭകളിൽ ഏറ്റവും കൂടുതൽ കാലം മേൽപട്ടക്കാരായവരിൽ രണ്ടാം സ്ഥാനത്താണ് മാർ അപ്രേം മെത്രാപ്പൊലീത്ത. 1968 സെപ്റ്റംബർ 21ന് എപ്പിസ്കോപ്പയും 29ന് മെത്രാപ്പൊലീത്തയുമായ അദ്ദേഹം 20,743 ദിവസം (56 വർഷം 9 മാസം 16 ദിവസം) മേൽപ്പട്ടസ്ഥാനത്തുണ്ടായിരുന്നു.

ഇക്കാര്യത്തിൽ ഒന്നാം സ്ഥാനത്ത് ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മ വലിയ മെത്രാപ്പൊലീത്തയാണ് 1953 മേയ് 23 മുതൽ 2021 മേയ് 5 വരെ 24,819 ദിവസം (67 വർഷം 11 മാസം 12 ദിവസം). ബിഷപ്പ് ഡോ. ജെറോം ഫെർണാണ്ടസ് 1937 ഡിസംബർ 12 മുതൽ 1992 ഫെബ്രുവരി 26 വരെ 19,799 ദിവസം (54 വർഷം രണ്ടര മാസം) ആണ് മൂന്നാം സ്ഥാനത്ത്.

കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവ, ഏബ്രഹാം മാർ ക്ലിമ്മീസ് വലിയ മെത്രാപ്പൊലീത്ത, പരിശുദ്ധ ബസേലി യോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക ബാവ, ആർച്ച് ബിഷപ് മാർ ജോസഫ് പൗവ്വത്തിൽ, ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ, ബിഷപ് മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി എന്നിവരും ഇന്നും ജീവിച്ചിരിക്കുന്ന ആർച്ച് ബിഷപ് മാർ ജേക്കബ് തൂങ്കുഴി, ബിഷപ് മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ എന്നിവരും അര നൂറ്റാണ്ടു പൂർത്തിയാക്കിയവരാണ്.

പൗരസ്ത്യ കൽദായ സുറിയാനി സഭ

ലോകത്തിലെ പുരാതനമായ ക്രൈസ്തവ സഭകളിൽ ഒന്നാണ് കൽദായ സഭ. പൗരസ്ത്യസഭയെന്നാണ് സഭയുടെ ഔദ്യോഗിക പേര്. പൗരസ്ത്യ കൽദായ സുറിയാനി സഭ, അസീറിയൻ സഭ, പേർഷ്യൻ സഭ, നെസ്തോറിയൻ സഭ തുടങ്ങിയ പേരുകളിൽ ഈ സഭ അറിയപ്പെടുന്നു. കൽദായ സഭയുടെ ഇന്ത്യയിലെ ആസ്ഥാനം തൃശൂരാണ്. തൃശൂർ നഗരത്തിലെ ഏറ്റവും പുരാതനമായ ദേവാലയത്തിന്റെ അവകാശികളാണ് കൽദായക്കാർ. ഇന്ത്യയിലെ കൽദായ സഭയിൽ 1964 മുതൽ നിലനിന്ന കക്ഷി വഴക്ക് 1995 ൽ അവസാനിച്ച് ഐക്യമുണ്ടായി. ഇറാഖിലെ എർബിലിൽ ആണ് ആസ്ഥാനം. ബഗ്ദാദ് ആസ്ഥാനമായി ഒരു ചെറിയ വിഭാഗം 1968 മുതൽ വേറിട്ട് നിലനിൽക്കുന്നു.

വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമികളായ ആധുനിക ഇറാഖിലെ സെലൂഷ്യ - സ്റ്റെസിഫോൺ ആസ്ഥാനമായിരുന്ന പൗരസ്ത്യ കാതോലിക്കമാരുടെ പരമ്പരയിൽപ്പെടുന്ന ബാബിലോണിലെ കാതോലിക്ക - പാത്രിയർക്കീസുമാരാണ് ഈ സഭയുടെ തലവൻ. പശ്ചിമേഷ്യയിൽ ഇറാൻ, ഇറാഖ്, തുർക്കി എന്നീ രാജ്യങ്ങളിൽ വിവിധ സ്ഥലങ്ങൾ സഭ ആസ്ഥാനമാക്കിയിട്ടുണ്ട്. ഒരു കാലത്ത് വളരെ ശക്തമായിരുന്ന ഈ സഭ 15-ാം നൂറ്റാണ്ടോടെ ക്ഷയിച്ചുതുടങ്ങി.

പൗരസ്ത്യ സുറിയാനി (കൽദായ സുറിയാനി) ആണ് ആരാധന ഭാഷ. ഓറിയന്റൽ-ബൈസന്റയിൻ സഭകളിൽപ്പെടാത്ത ഒരു ഓർത്തഡോക്സ് സഭയായി ഈ സഭയെ കരുതുന്നവരുണ്ട്. ആദ്യത്തെ രണ്ട് പൊതുസുന്നഹദോസുകളെ (നിഖ്യാ 325, കുസ്തന്തിനോസ്പോലീസ് - 381) മാത്രം സ്വീകരിക്കുന്ന ഈ സഭ കോൺസ്റ്റാന്റിനോപ്പിൾ പാത്രിയർക്കീസായിരുന്ന നെസ്തോറിയോസിനെയും അന്ത്യോഖ്യൻ വേദ ശാസ്ത്രജ്ഞരെയും സഭാ പിതാക്കന്മാരായി അംഗീകരിക്കുന്നു.

മാർ അപ്രേം മെത്രാപ്പൊലീത്ത... *തുടർച്ച*

മാർ പൗലോസ് എപ്പിസ്കോപ്പ സെക്രട്ട റിയും മാർ അപ്രേം ഭരണച്ചുമതലയുള്ള മെത്രാപ്പൊലിത്തയും ആയിരിക്കണമെന്ന് നിശ്ചയിച്ചു. ഇരു ഭാഗത്തുണ്ടായിരുന്ന നാലു വീതം ട്രസ്റ്റിമാർ ഐക്യ സഭയുടെ കേന്ദ്ര ട്രസ്റ്റിമാരായി. തുടർന്ന് 1962 മുതലുണ്ടായിരുന്ന കേസുകൾ പിൻവലിച്ചു.

പരിഷ്കരിച്ച ഭരണഘടന 1997ൽ നിലവിൽ വന്നു. എപ്പിസ്കോപ്പൽ കൗൺസിൽ ചെയർമാനായ മാർ തിമോത്തിയോസ് 1997ൽ വിരമിച്ച് പാത്രിയാർക്കൽ ഡെലിഗേറ്റ് മാത്രമായി പ്രവർത്തിച്ചു. മാർ പൗലോസ് 1998ലും മാർ തിമോത്തിയോസ് 2001ലും കാലംചെയ്തു. മാർ ദിൻഹാ പാത്രിയർക്കീസിന്റെ 2000ലെ കേരള സന്ദർശനം ഐക്യം ഊട്ടിയുറപ്പിച്ചു. അദ്ദേഹം വീണ്ടും 2010ൽ കേരളത്തിലെത്തി മാർ ഔഗിൻ കുര്യാക്കോസ്, മാർ യോഹന്നാൻ ജോസഫ് എന്നീ രണ്ട് എപ്പിസ്കോപ്പമാരെ വാഴിച്ചു.

മാർ അപ്രേം മെത്രാപ്പൊലിത്ത കാലം ചെയ്തതോടെ ഇപ്പോൾ ഇന്ത്യയിൽ സഭയ്ക്ക് ഒരു മെത്രാപ്പൊലിത്തയും ഒരു എപ്പിസ്കോപ്പയുമുണ്ട്. മാർ ആവാ മൂന്നാമൻ പാത്രിയർക്കീസ് (എർബിൽ, ഇറാഖ്) ആണ് ഇപ്പോഴത്തെ സഭാ തലവൻ. മാർ ഗീവർഗീസ് മൂന്നാമൻ യൗനാൻ പാത്രിയർക്കീസ് (ബഗ്ദാദ്, ഇറാഖ്) നേതൃത്വം നൽകുന്ന ഒരു ചെറിയ വിഭാഗവുമുണ്ട്.

ആഗോള തലത്തിലുള്ള ഐക്യശ്രമങ്ങൾ ഇപ്പോഴും ഉപേക്ഷിച്ചിട്ടില്ല. പാത്രിയർക്കീസുമാരും മെത്രാന്മാരും കൂടിക്കാഴ്ചകളും പരസ്പര സന്ദർശനങ്ങളും നടത്തുന്നുണ്ട്. സമീപ ഭാവിയിൽ തന്നെ പൂർണയോജിപ്പിലെത്തുമെന്നുള്ള പ്രതീക്ഷയിലാണ് ഇരുകക്ഷികളും.

പ്രശ്നോത്തരി

യുഹാനോൻ

1. ആരുടെ കഴുതയാണ് സംസാരിച്ചത്?
2. യോനാ പ്രവാചകന്റെ പിതാവിന്റെ പേര്?
3. മക്കാബിയരുടെ ഒന്നാം പുസ്തകത്തിൽ എത്ര അധ്യായങ്ങൾ ഉണ്ട്?
4. ഏത് ഗോപുര വാതിൽക്കൽ വച്ചാണ് പത്രോസും യോഹന്നാനും ചേർന്ന് മുടന്തന് സൗഖ്യം നൽകിയത്?
5. ശരീരത്തിന്റെ വിളക്ക് എന്ത് ?
6. മൗദ്യോനുസോ എന്ന വാക്കിന്റെ അർത്ഥം?
7. 'പൗലോസ് ശ്ലീഹാ ധന്യൻ' എന്ന ഗീതത്തിന്റെ റഫറൻസ് ഏത്?
8. ഇന്ത്യയെപ്പറ്റി പരാമർശിക്കുന്ന ഒരു ഗീതം നമ്മുടെ കുർബാന ക്രമത്തിൽ ഉണ്ട്. ഇത് ഏത് വിശേഷ ദിവസത്തിലാണ് പാടുന്നത്?
9. വിശുദ്ധ വിവാഹ കൂദാശയിൽ കിരീടം വാഴ്വ് ക്രമത്തിന്റെ നിറം ഏതാണ്?
10. വിശുദ്ധ ദൈവമാതാവിന്റെ നാമത്തിൽ ആദ്യ ദേവാലയം സ്ഥാപിച്ചതിന്റെ പെരുന്നാൾ കൊണ്ടാടുന്ന ദിവസം ഏത് ?
11. കാതോലിക്കേറ്റിന്റെ രത്നദീപം എന്ന വിശേഷണം മലങ്കര സഭ നൽകിയത് ആർക്ക്?
12. ഒന്നാം കാതോലിക്കാ മെത്രാപ്പൊലിത്ത ആയിരുന്നപ്പോൾ ഉള്ള നാമം?
13. കൊല്ലം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പൊലിത്ത?
14. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്ക എത്ര മേൽപ്പട്ടക്കാരെ വാഴിച്ചു?
15. മാർത്തോമ്മ ഒന്നാമന്റെ കബറിടം സ്ഥിതി ചെയ്യുന്നത് ഏത് ദേവാലയത്തിലാണ്?

ഉത്തരങ്ങൾ ഓഗസ്റ്റ് 15ന് അകം അയയ്ക്കുക

98986 16801

'വിശ്വദീപം മഹാകാവ്യം' സമൂഹത്തിന് വെളിച്ചം പകർന്ന സാഹിത്യ കൃതി: ഡോ. മാത്യൂസ് മാർ തിമോത്തിയോസ്

ചെങ്ങന്നൂർ: സമൂഹത്തിന് വെളിച്ചം പകർന്ന സാഹിത്യ കൃതിയാണ് വിശ്വദീപം മഹാകാവ്യമെന്ന് ചെങ്ങന്നൂർ ഭദ്രാസന മെത്രാപ്പൊലീത്ത ഡോ. മാത്യൂസ് മാർ തിമോത്തിയോസ്. സാഹിത്യ അക്കാദമി പുനഃപ്രസിദ്ധീകരിച്ച വിശ്വദീപം മഹാകാവ്യം ഫാ. ഡോ. മാത്യു കോശിക്ക് നൽകി പ്രകാശനം ചെയ്യുക യായിരുന്നു മെത്രാപ്പൊലീത്ത. ദേശീയബോധത്തോടെ മലയാള ഭാഷയെ സമ്പന്നമാക്കിയ മഹാകവിയാണ് പുത്തൻകാവ് മാത്തൻ തരകനെന്ന് രാജ്യസഭ മുൻ ഉപാധ്യക്ഷൻ പി.ജെ.കുര്യൻ പറഞ്ഞു.

പുത്തൻകാവ് മാത്തൻ തരകൻ ട്രസ്റ്റും പുത്തൻകാവ് മെട്രോപ്പൊലീറ്റൻ ഹയർസെക്കൻഡറി സ്കൂളും ചേർന്ന് നടത്തിയ സമ്മേളനത്തിൽ ട്രസ്റ്റ് ചെയർമാൻ ഡോ. പോൾ മണലിൽ അധ്യക്ഷത വഹിച്ചു. ഡോ. കുര്യാസ് കുമ്പളക്കുഴി അനുസ്മരണ പ്രഭാഷണം നടത്തി. മലങ്കര ഓർത്തഡോക്സ് സഭ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, ജോസഫ് എം. പുതുശേരി, ഫാ. ബിജു പി. തോമസ്, സുനിൽ പി. ഉമ്മൻ, പ്രിൻസിപ്പൽ ജോൺ മാത്യു, ഹെഡ്മാസ്റ്റർ സിബി വർഗീസ് എന്നിവർ പ്രസംഗിച്ചു.

ടിജിഎസ് പ്രതിവാര യോഗം ചർച്ച

സഭാജീവിതം: ആത്മീയസംഘടനകളിൽ വനിതകളുടെ പങ്കാളിത്തം

ഓഗസ്റ്റ് 01 വെള്ളി, 08.30 PM

നയിക്കുന്നത്: **പ്രഫ. മേരി മാത്യു**
ജനറൽ സെക്രട്ടറി, മർത്തമറിയം സമാജം, മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

ബെസലി ഈപ്പൻ
കൗൺസലിങ് സൈക്കോളജിസ്റ്റ്, യുഎസ്എ

മോഡറേറ്റർ: **ഡോ. അലക്സ് ഫിലിപ്, ചാത്തന്നൂർ**

Meeting Link https://meet.google.com/xaz-mtzy-hda

പ്രതികരണം

ഗുഡ് ഷെപ്പേർഡിന് അഭിമാനിക്കാം

ഗുഡ് ഷെപ്പേർഡ് പുറത്തിറക്കുന്ന ബുള്ളറ്റിൻ മികച്ച നിലവാരം പുലർത്തുന്നു. പ്രസക്തമായ വിഷയ ങ്ങൾ മനോഹരമായി അവതരിപ്പിച്ചിരിക്കുന്നു. പിന്നിൽ പ്രവർത്തിക്കുന്ന എല്ലാ വർക്കും അഭിനന്ദനങ്ങൾ.

ഡേവിഡ് സാമുവൽ, ബെംഗളൂരു.

കൂടുതൽ രചനകൾ ഉൾപ്പെടുത്തണം

കുറേക്കൂടി വിശകലനം ചെയ്യുന്ന രചനകൾ ഉൾപ്പെടുത്തേണ്ടതുണ്ട്. ജോസ് കുളനടയുടെ കാർട്ടൂൺ മനോഹരമായ സന്ദേശം നല്ലതായി അവതരിപ്പിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

ജേക്കബ് ഈശോ,
റിട്ട. ടൗൺ പ്ലാനർ, കൊല്ലം.

സഭാ വിശ്വാസികളുടെ ശബ്ദമാവണം

കഴിഞ്ഞ ലക്കം എഡിറ്റോറിയൽ–'സഭയുടെ ആത്മാഭിമാനം സംരക്ഷിക്കപ്പെടണം', 'ഓറിയന്റൽ സഭകളിൽ നിന്ന് പുറത്തേക്കോ?' എന്നിവയിലെ ആശയങ്ങൾ, ഇന്നത്തെ അവസ്ഥയിൽ ആശങ്കപ്പെടുന്നവരെ ഉണർത്തുന്ന തായിരുന്നു. ഒരു കാലത്ത് ഓർത്തഡോക്സ് സഭയുടെ മുഖമുദ്രകളായി ശോഭിച്ച പുരോഹിതർ സ്വദേശത്തും വിദേശത്തും സഭയുടെ കൊടി ഉയർത്തിക്കാട്ടിയിരുന്നു.

ഡോ. ഫിലിപ്പോസ് മാർ തെയോഫിലോസ്, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്, ഫാ. ഡോ. വി. സി. സാമുവൽ, അത്തരായ പ്രമുഖരായ റാവു സാഹിബ് ഒ. എം. ചെറിയാൻ, കെ. സി. മാമ്മൻ മാപ്പിള തുടങ്ങിയവർ ഉദാഹരണം. എന്നാൽ, ഇന്നത്തെ അവസ്ഥയോ? യഥാർത്ഥ സഭാ വിശ്വാസികളുടെ ശബ്ദമാവണം ദി ഗുഡ് ഷെപ്പേർഡ് ബുള്ളറ്റിൻ.

മാത്യു മാത്യു, എറണാകുളം

സമകാലീന വാർത്തകളും ഉൾപ്പെടുത്തണം

കഴിഞ്ഞ ലക്കം ബുള്ളറ്റിൻ മികച്ചരീതിയിൽ പുറത്തിറക്കിയതിൽ ശില്പികൾക്ക് അഭിനന്ദനങ്ങൾ. ഉള്ളടക്കം എല്ലാം നന്നായിരുന്നു. ആധുനിക സാങ്കേതിക വിദ്യകൾ കൂടുതലായി പ്രയോജനപ്പെടുത്തണം. സമകാലീന വാർത്തകളും ഉൾപ്പെടുത്തണം.

രജോയ് എം. രാജൻ,
ദുബായ്

THE GOOD SHEPHERD BULLETIN

ചീഫ് എഡിറ്റർ
സജി ഏബ്രഹാം

എഡിറ്റോറിയൽ അഡ്വൈസർ
പ്രഫ. ഡോ.ജോസ് പാറക്കടവിൽ

മാനേജിങ് എഡിറ്റർ
ഡോ. തോമസ് മണ്ണിൽ

പ്രിന്റർ & പബ്ലിഷർ
ഷാജൻ മാത്യു

അംഗങ്ങൾ
ഡോ. കെ.കെ കൊച്ചുകോശി
ഡോ. അലക്സ് ഫിലിപ്
ജോസ് കെ. തോമസ്
ദീപു ജോർജ്

ഫോൺ : 94470 97422
Email: bulletin@tgsfellowship.org